"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള വസ്തുവിൽ നിന്ന് ക്ഷീരവികസന വകുപ്പിന് 1.5 ഏക്കർ ഭൂമി കൈമാറി കിട്ടുന്നത് സംബന്ധിച്ച കൈമാറ്റ നടപടികൾക്കായി വകുപ്പ് മേധാവി ഒപ്പിട്ട അർത്ഥന പത്രത്തിന്റെ 3 പകർപ്പും ക്ഷീര പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിലേക്കായി എത്ര സ്ഥലം വേണ്ടി വരും എന്നതിനുള്ള സത്യവാങ്മൂലവും ഇടുക്കി ജില്ല കളക്ടർക്ക് നൽകുന്നതിന് ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.175/2024/DD തീയതി,തിരുവനന്തപുരം, 16-12-2024

---

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 17.04.2023 തീയതിയിലെ DDDKER/845/2022-F2 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ ക്ഷീരവികസന വകുപ്പിന് പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിലേക്കായി ഇടുക്കി താലൂക്ക് പരിധിയിൽപ്പെട്ട ഇടുക്കി വില്ലേജിലെ വാഴത്തോപ്പ് പഞ്ചായത്തിന്റെ കൈവശമുള്ള X161/1 സർവ്വേ നമ്പർ ഭൂമിയിൽ നിന്നും 1.5 ഏക്കർ സ്ഥലം അനുവദിക്കുന്നതിന് ഇടുക്കി ജില്ല പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പ് മേധാവി ഒപ്പിട്ട അർത്ഥന പത്രത്തിന്റെ 3 പകർപ്പും, ക്ഷീര പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിലേയ്ക്കായി കുറഞ്ഞത് 1.5 ഏക്കർ സ്ഥലം ആവശ്യമാണെന്നുള്ള സത്യവാങ്മൂലവും ഇടുക്കി ജില്ലാ കളക്ടർക്ക് നൽകുന്നതിനുള്ള അനുമതിക്കായി ക്ഷീരവികസന വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി സർക്കാർ വകുപ്പുകൾക്ക് കൈമാറുന്നത് സംബന്ധിച്ച നിലവിലെ നടപടിക്രമങ്ങൾ പരിശോധിച്ചത് പ്രകാരം ഇടുക്കി ജില്ലാ ക്ഷീരപരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിലേക്കായി ഇടുക്കി വില്ലേജിലെ വാഴത്തോപ്പ് പഞ്ചായത്തിന്റെ കൈവശമുള്ള X161/1 സർവ്വേ നമ്പർ ഭൂമിയിൽ നിന്നും 1.5 ഏക്കർ സ്ഥലം കൈമാറി ലഭിക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ ആവശ്യപ്പെട്ട

അർത്ഥനാ പത്രത്തിന്റെ 3 പകർപ്പും, ക്ഷീരപരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിലേയ്ക്കായി കുറഞ്ഞത് 1.5 ഏക്കർ സ്ഥലം ആവശ്യമാണെന്നുള്ള സത്യവാങ്മൂലവും ഇടുക്കി ജില്ല കളക്ടർക്ക് നൽകുന്നതിന് ക്ഷീരവികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു.എ.റ്റി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 16-12-2024 15:02:13

സെക്ഷൻ ഓഫീസർ